എനിക്കും എന്റെ പാർട്ടിക്കുമുള്ള അപാരമായ ദുഃഖത്തെ പ്രകാശിപ്പിക്കുകയും ചെയ്തുകൊള്ളുന്നു.

* **Mr. P. Kumaran Ezhuthassan** *(Wadakkancherri).*—Sir, we are very much grieved at the loss of so illustrious a son of Cochin. I have not the good fortune to know the departed in his early days. But my contact with the late Mr. Achyutha Menon for the last 15 years has done me immense good in many ways. His readiness to give advice when sought, his feelings of friendship with all persons who seek his advice are some of his characteristics. I have been told by persons who knew him as a Government servant that his fairmindedness and strict impartiality was the cause of his success as an officer of the State. Mr. Achyutha Menon was known to Cochinites as a very able officer, as a poet and as an able writer in Malayalam as well as in English. He belongs to a class of writers who are fast dying out to-day. It is the loss of such an illustrious personage that we mourn today and I associate myself on behalf of my party and myself with all the sentiments that have been expressed here.

Deputy President.—I also wish to associate myself with the sentiments expressed here. I request the Hon'ble Members of this House to pass this resolution standing.

Resolution was put and carried, the whole House standing.

The Cochin Nair Regulation Amendment Bill (resumed).

Deputy President.—Now we shall continue discussion on the Nair Regulation Amendment Bill.

മിസ്റ്റർ വി. കെ. കുട്ടി *(Muslims).*— സർ, നായർ ബില്ലിനെ സംബന്ധിച്ചു ഇവിടെ വന്നിട്ടുള്ള ഈ ഭേഗതിയെപ്പറ്റി സംസാരിക്കുവാൻ ആ സമുദായത്തിൽപ്പെട്ട, നിയമ പരിജ്ഞാനവും സംസ്കാരവുമുള്ള അനേകം സാമാജികന്മാർ ഇവിടെയുള്ളപ്പോൾ അതേവിഷയത്തെ പ്രസ്താവിച്ചു അന്യസമുദായക്കാരായ എന്നേപ്പോലെയുള്ളവർ ഒരഭിപ്രായം പറയുന്നതു ഒരുപക്ഷെ ശരിയല്ലെന്നു വന്നേക്കാം. എന്നാൽ നായർ സമുദായത്തിന്റെ സാമ്പത്തിക നിലയെക്കൂടി ബാധിക്കുന്ന ഈ ഭേഗതിയെപ്പറ്റി മറ്റുള്ളവർ മൌനം ദീക്ഷിക്കുന്നതായാൽ നായർ സമുദായവുമായി വ്യാപാരസംബന്ധമായും മറ്റും പലവിധത്തിൽ ബന്ധപ്പെട്ടു കിടക്കുന്നവർക്കു കായ്മായ ദോഷം സംഭവിക്കുവാൻ ഇടയുണ്ടെന്നുള്ള

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ബോധമാണ് ഈ വിഷയത്തിൽ രണ്ടുവാക്കു പറയുവാൻ എന്നെ പ്രേരിപ്പിച്ചിട്ടുള്ളതു്. ഈ നിയമനിർമ്മാണംകൊണ്ടു് നായന്മാക്കെന്നപോലെ മറ്റുള്ളവക്കും ഉപയോഗപ്രദമായി വരേണ്ടതാണു്. (ഹീയർ, ഹീയർ) മുൻകാലങ്ങളിൽ നടപ്പിലിരുന്നതും ഇപ്പോഴും ആചരിച്ചുവരുന്നതുമായ ആ നിയമത്തെ ഭേദഗതി ചെയ്യേണ്ട ആവശ്യമില്ലെന്നു ബഹുമാനപ്പെട്ട ചില സാമാജികന്മാർ പറകയുണ്ടായി. എന്നാൽ മാമൂലുകളെ മുഴുവനും ആദരിച്ചു നടക്കുവാനുള്ള സന്നദ്ധത ഇന്നത്തെ നായർ സമുദായത്തിനില്ലെന്നു ഈ ബിൽ തെളിയിക്കുന്നുണ്ടു്. മുൻകാലങ്ങളിൽ ഉദ്യോഗനിലയിൽമാത്രമാണു് നായർ സമുദായം ജീവിച്ചുപോന്നിരുന്നതു്. എന്നാൽ ഇന്നത്തെ നില അതല്ല. ഇന്നാകട്ടെ കൈത്തൊഴിൽ പരമായും വ്യാവസായികമായും ഉള്ള ജീവിതത്തിൽ ഏർപ്പെട്ട പ്രവർത്തിച്ചുതുടങ്ങിയിരിക്കുന്നു. ഈ പുതിയ ജീവിതത്തെ പ്രോത്സാഹിപ്പിച്ചു് അഭിവൃദ്ധ്യുന്മുഖമായ ഒരു നിലയിൽ എത്തിക്കുവാൻ ആശിക്കുന്നുണ്ടെങ്കിൽ ഈ ഭേദഗതിയെ എല്ലാവരും അനുകൂലിച്ചു പാസ്സാക്കുകയാണു വേണ്ടതു്. ഇന്നിവിടെ അവതരിപ്പിച്ചിട്ടുള്ള ഭേദഗതി തിരുവിതാംകൂറിലുള്ള നായർ റഗുലേഷനിൽ ഇല്ലെന്നും അതുകൊണ്ടു് ഇവിടെ ആ ഭേദഗതിക്കാവശ്യമില്ലെന്നും ഉള്ള ചില സാമാജികന്മാരുടെ അഭിപ്രായത്തോടു യോജിക്കുവാൻ എനിക്കു നിവൃത്തിയില്ല. തിരുവിതാംകൂറിൽ നടപ്പിലുള്ള പല സംഗതികളും ഇവിടെ ഇല്ലെന്നും തിരുവിതാംകൂറിനെ ആദരിച്ചു് എല്ലാ സംഗതികളും പ്രവർത്തിക്കുവാനുള്ള സന്നദ്ധത കൊച്ചിക്കില്ലെന്നും പലതുകൊണ്ടും ഇവിടെ വെളിവായിട്ടുണ്ടു്. തിരുവിതാംകൂറിലുള്ള സകല ക്ഷേത്രങ്ങളും അവിടത്തെ എല്ലാ ഹിന്ദുക്കൾക്കുമായി തുറന്നുകൊടുത്തിരിക്കുന്നു, അതുപോലെ ഇവിടെയും ചെയ്തിട്ടുണ്ടോ എന്നാണു ഞാൻ ചോദിക്കുന്നതു്? നിസ്സാരമായ ഒരു ഭേദഗതികൊണ്ടു് സമുദായം പാടെ നശിച്ചുപോകും എന്നുള്ള വിശ്വാസം എനിക്കില്ല. പരിവർത്തനത്തെ കാണിക്കുന്ന സംഭവങ്ങളുണ്ടാകുമ്പോൾ രാജ്യത്തു വിപ്ലവങ്ങൾ വന്നുചേരുമോ എന്നു പലരും ഭയപ്പെടാറുണ്ടു്. പരിവർത്തനങ്ങൾ വിപ്ലവമായി ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അങ്ങനെയുള്ള വിപ്ലവങ്ങൾ നാട്ടിന്നാവശ്യമാണെന്നാണു ഞാൻ പറയുന്നതു്. ഇതുപോലെയുള്ള വിപ്ലവങ്ങൾകൊണ്ടല്ലാതെ സമുദായങ്ങൾക്കോ നാടിനോ നന്മയുണ്ടായിത്തീരുന്നതല്ല. തിരുവിതാംകൂറിൽ ക്ഷേത്രപ്രവേശനമുണ്ടായാൽ നാട്ടിൽ വലിയ ബഹളവും സമാധാനലംഘനവും ഉണ്ടായിത്തീരുമെന്നു് പലരും സംശയിച്ചിരുന്നു. എന്നാൽ സംഗതികൾ പ്രവർത്തിരൂപത്തിൽ വന്നപ്പോൾ അനുഭവം നേരെ മറിച്ചാണുണ്ടായതു്. എന്തുകൊണ്ടെന്നാൽ ആ പരിവർത്തനം വരുന്നതിനുമുമ്പുതന്നെ അവിടത്തെ സവർണ്ണസമുദായം അതു് അംഗീകരിച്ചിരുന്നു. അതുപോലെ വ്യവസായപരമായ കാര്യങ്ങളിൽ ഏർപ്പെട്ടു് കാലാനുസൃതമായ ജീവിതം നയിക്കുവാൻ പ്രതിബന്ധമായി നില്ക്കുന്ന ഇവിടത്തെ നായർസമുദായത്തിന്റെ പ്രതിബന്ധത്തെ പരിഹരിച്ചുകിട്ടിയാൽ കൊള്ളാമെന്നാശിക്കുന്ന പല മാന്യന്മാരുമുണ്ടെന്നു ഈ ഭേദഗതി ആവശ്യപ്പെടുന്നു

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മെമ്പർതന്നെ ഉദാഹരണമാണ്. തദ്ദേസരണം ഒരു ഭേദഗതി ഇവിടെ ഉണ്ടായതുകൊണ്ട് നായർസമുദായത്തിനു ദോഷമല്ല ഗുണമാണുള്ളതെന്നും ഇതുമൂലം സമുദായത്തിൽ ഒരു വിപ്ലവം ഉണ്ടാകുമെന്നു വിശ്വസിക്കുവാൻകഴിയാത്ത ഒരാളുമാണു ഞാൻ. അതിനാൽ ഭേദഗതി ഒരിക്കലും ഉപേക്ഷിക്കത്തക്കതല്ലെന്നാണ് എന്റെ അഭിപ്രായം. തിരുവിതാംകൂറിലോ ബ്രിട്ടീഷു് മലബാറിലോ ഉള്ള നിയമങ്ങളെ കവച്ചുവക്കുന്ന ഒരു നിയമമാണ് നമുക്കാവശ്യമായിരിക്കുന്നതു്. അതിനാൽ മറ്റു അയൽരാജ്യങ്ങളെ ഇക്കാര്യത്തിൽ കൂട്ടിപ്പിടിക്കണമെന്ന് എനിക്കു അഭിപ്രായമില്ല. ഇന്നിവിടെ നടന്ന വാഭ്യപ്രതിവാദങ്ങളിൽനിന്നു നായർ സമുദായത്തിൽപ്പെട്ട പല മാന്യന്മാരും ഈ ഭേദഗതി പാസ്സാക്കുന്നതു് തങ്ങളുടെ സമുദായത്തിനു് ആപൽക്കരമാണെന്നു പറയുകയുണ്ടായി. മറ്റുസമുദായത്തിൽപ്പെട്ട ഒരാൾ ഒരു മുസൽമാൻ എന്നതന്നെ വിചാരിക്കുക. മറ്റൊരാൾക്കു് ഏതാനും സംഖ്യക്കു കടക്കാരനായിത്തീർന്നിട്ടുണ്ടെങ്കിൽ അവന്റെ സ്വത്തിൽനിന്നു അതു് വസൂലാക്കുവാനുള്ള നിയമം ഇന്നു നടപ്പിലുണ്ട്. നേരേമറിച്ചു് ഒരു നായർ കടക്കാരനായിത്തീരുകയാണെങ്കിൽ അദ്ദേഹത്തിന്റെ സ്വത്തിൽ പ്രവേശിച്ചു ഇടാക്കുവാനുള്ള നിയമമല്ല ഇന്നത്തെ നായർ റഗുലേഷനിൽ ഉള്ളതു്. ആ നിലക്കു് സൗഹാർദ്ദതയിൽ കഴിഞ്ഞുപോകത്തക്ക ഒരു നിയമം ഇവിടെ ആവശ്യമുണ്ട്. അതു വേണ്ടെന്നാണ് ആ സമുദായനേതാക്കന്മാർ പറയുന്നതെങ്കിൽ ഞാൻ അവരെ നിർബന്ധിക്കുവാൻ ഒരുക്കമില്ല. വളരെ സംസ്കാരവും വിദ്യാഭ്യാസവും ഉള്ള ഒരു സമുദായമാണ് ഇന്നത്തെ നായർസമുദായം. അവർ ഈ ഭേദഗതി വേണ്ടെന്നു പറയുകയാണെങ്കിൽ ആ സമുദായത്തിനെതിരായി പ്രവർത്തിക്കുവാൻ ഞാൻ ആശിക്കുന്നില്ല. ഉദ്യോഗനിലയിൽ ജീവിച്ചുകൊണ്ടിരിക്കുന്ന നായർ മാന്യന്മാർ വ്യാപാരപരമായും കൈത്തൊഴിൽപരമായും ഏർപ്പെട്ടുകൊണ്ടിരിക്കുന്ന അവരുടെ സമുദായാംഗങ്ങളുടെ കാര്യംകൂടി ചിന്തിക്കണമെന്നുമാത്രമേ എനിക്കു പറയുവാനുള്ളൂ.

*മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— സർ, മുളകുന്നത്തുകാവു മെമ്പർ അവർകൾ ഈ ബിൽ പാസ്സാകാതിരിക്കണമെന്നും ഇതിനെ ഉടച്ചുകളയണമെന്നുമുള്ള ഉദ്ദേശത്തോടുകൂടി പലേ മായവിദ്യകളും ഇവിടെ പ്രയോഗിക്കുന്നുണ്ട്. ഏതായാലും ഈ ബിൽ ഇവിടെ എടുക്കുമെന്നു കണ്ടപ്പോൾ ഇതു പ്രയോഗത്തിൽ വരുത്താതിരിക്കാൻ ഏതൊരു നിയമം കൊണ്ടുവന്നാലാണ് സാധിക്കുക എന്നുള്ള ആലോചനയുടെ ഫലമാണ് ഈ ഭേദഗതിയെന്നാണ് എനിക്കു തോന്നുന്നതു്. നായർ സമുദായത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഇങ്ങനെയുള്ള ദോഷം അദ്ദേഹം കണ്ടുപിടിച്ചുവല്ലോ! അദ്ദേഹത്തിന്റെ ഈ മഹാമനസ്കതക്കു് ഒരു വിദൂരനമസ്കാരം ചെ

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

യ്യാതെ തരമില്ല. ഇതു് മറ്റുസമുദായങ്ങളുടെ ഗുണത്തെ ലാക്കാക്കികൊണ്ടുവന്നിട്ടുള്ള അമെൻറുമെൻറല്ല എന്നും ഈ ബിൽ പാസ്സാക്കാതെ നായർ സമുദായത്തിൻെറ പുരോഗതിയെ തടയണം എന്ന ഉദ്ദേശംമാത്രമേ അദ്ദേഹത്തിനുള്ളൂ എന്നും ബുദ്ധിയുള്ളവർക്കു മനസ്സിലാക്കാം. ഇങ്ങനെ ഒരു ബിൽ പാസ്സായാൽ തറവാട്ടസ്വത്തിന്മേൽ ജപ്തികൊണ്ടുചെല്ലാൻ പാടില്ല എന്നാണു പറയുന്നതു്. സ്വത്തുള്ളവർക്കു കടംകൊടുത്താൽമതി, തറവാട്ടസ്വത്തിന്മേൽ ജപ്തികൊണ്ടുചെല്ലാൻപാടില്ലെന്നുണ്ടെങ്കിൽ പണം കടം മേടിക്കേണ്ട. ഈവക ബാലിശമായ വാദംകൊണ്ടു ബില്ലിനു പ്രതിബന്ധമുണ്ടാക്കിത്തീർക്കരുതു്.

മിസ്റ്റർ എ. നാരായണമേനോൻ (*Vyttila*).— സർ, ന്യൂ-ാമത്തെ വകുപ്പുവരെ ഈ ബില്ലിനു് കൊണ്ടുവന്നിട്ടുള്ള ഭേദഗതികളെല്ലാം ഉപേക്ഷിക്കപ്പെട്ടതിനുശേഷം ഈ ഒരു ഭേദഗതിയുംകൊണ്ടു് മുളങ്കുന്നത്തുകാവു മെമ്പർ പുറപ്പെട്ടതിൽ ഞാൻ അതിശയിക്കുന്നു. ഇതേവരെ അദ്ദേഹം നായർ തറവാട്ടസ്വത്തുക്കൾക്കു ട്രസ്റ്റാണു്, ഭാഗിക്കത്തക്കതല്ല എന്നൊക്കെല്ലാം പറഞ്ഞു. ഇപ്പോൾ അദ്ദേഹത്തിൻെറ ചിന്താഗതി മുഴുവൻ തകിടം മറിഞ്ഞിട്ടാണു കാണുന്നതു്. വടക്കെ ഈഴവ നിയോജകമണ്ഡലം മെമ്പർ അദ്ദേഹത്തിൻെറ മനസ്ഥിതിയെ നല്ലവണ്ണം വിശദീകരിച്ചിട്ടുണ്ടെന്നാണു് എനിക്കു തോന്നുന്നതു്. ഈ ഭേദഗതിയുടെ അവതാരകനു സംഭവിച്ചിട്ടുള്ള ഏതോ ഒരു വലിയ നൈരാശ്യം മാത്രമാണു് ഈ സഭ്യസ്സിൻെറ മുൻപാകെ ഈ ഭേദഗതിയെപ്പറ്റി പ്രസംഗിക്കാൻ എൻെറ സ്നേഹിതനെ പ്രേരിപ്പിച്ചതു് എന്നുള്ളതു വളരെ വ്യക്തമായിക്കാണുന്നുണ്ടു്. ആദ്യത്തെ പരാജയത്താൽ അദ്ദേഹം നിർദ്ദയമായി സംഹാരമൂർത്തിയായി നർത്തനം ചെയ്യുന്നു! സൃഷ്ടിപരമായ കർമ്മത്തിനൊന്നും അദ്ദേഹം തയ്യാറില്ല!

ചില സഭാംഗങ്ങളുടെ ഇടയിൽ ഉണ്ടായിട്ടുള്ള ചില തെറ്റിദ്ധാരണകൾ ആദ്യംതന്നെ തീർക്കുവാനുത്സാഹിക്കാം. എൻെറ സ്നേഹിതൻ മുസ്ലീം നിയോജകമണ്ഡലം മെമ്പർ പറയുകയുണ്ടായി, മുസ്ലീമിങ്ങളോടു നായർ കടം വാങ്ങിച്ചാൽ നായരുടെ സ്വത്തു ജപ്തിചെയ്തു വിറ്റൊടുക്കാൻ മുസ്ലീമിനു് അവകാശമില്ല; നേരെമറിച്ചു് ഒരു മുസ്ലീം കടം മേടിച്ചിട്ടുണ്ടെങ്കിൽ അവൻെറ സ്വത്തിനെ ജപ്തിചെയ്തൊടുക്കാൻ അയാളുടെ ഉത്തമർണ്ണനു് അധികാരമുണ്ടെന്നു്. അതുപോലെതന്നെ ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ ഹിന്ദുലായിലെ ചില നിശ്ചയങ്ങൾക്കു വിപരീതമാണു് ഈ നിയമമെന്നു പറയുകയുണ്ടായി. ഞാൻ ഇവർ ഓരോരുത്തരോടും സമാധാനം പറയാം. ഒരു കുസ്സ്യാനിക്കോ, മുസ്ലീമിനോ സ്വത്തിൻെറ അവകാശം കിട്ടുന്നതു് തൻെറ കുടുംബത്തിൽ ജനിച്ചതുകൊണ്ടല്ല; സ്വത്തു സമ്പാദിച്ച ആളുടെ മരണംമൂലമാണു്. നേരേമറിച്ചു്, ഒരു നായക്കു് സ്വത്തവകാശം അവൻെറ ജനനത്താൽ ലഭിക്കുന്നു. അംഗങ്ങളുടെ വർദ്ധനയാൽ അതു് കുറയുകയും, കുറവിനാൽ അ

LIBRARY ARCHIVES Kerala Legislative Assembly

ത്തു് ക്രൂടുകയും ചെയ്യും. അയാളുടേതു ക്രൂട്ടസ്വത്താണു്. അതാണു് നായർ തറവാട്ടിൽ കാരണവനും മാനേജരും ഉണ്ടാകുന്നതു്. മുസ്ലീമിങ്ങൾക്കും ക്രസ്ത്യാനികൾക്കും അതില്ലാത്തതു് അവരുടെ സ്വത്തു് ക്ലിപ്തപ്പെട്ട കിടക്കുന്നതിനാലാണു്. അത്ര പ്രധാനമായ ഈ വ്യത്യാസം വിസ്മരിച്ചുകൂടാ. ചുരുക്കത്തിൽ ക്രസ്ത്യാനിക്കോ മുസ്ലീമിനോ മരണംമൂലവും നായർക്കു ജനനംമൂലവും ആണു് സ്വത്തിന്റെ അവകാശം കിട്ടുന്നതു്. ആദ്യത്തേതു ക്ലിപ്തമാണു്. രണ്ടാമത്തേതു് അങ്ങിനെയുള്ളതല്ല. ബഹുമാനപ്പെട്ട ഇരിങ്ങാലക്കുട മെമ്പർ ഒരു നായർ തറവാടും ഒരു ഹിന്ദു മിതാക്ഷരകുടുംബവും ഒരേമാതിരിയാണെന്നു ധരിച്ചുകാണുന്നു. ഇതു് വലിയ ഒരബദ്ധവിശ്വാസമാണു്. ഹിന്ദുലായിലെ ചില തത്വങ്ങൾ മലബാർലായിലുണ്ടെന്നുവെച്ചു് രണ്ടും ഒന്നാണെന്നു പറയുന്നതു് പരമാബദ്ധമാണു്. ഇരിങ്ങാലക്കുട മെമ്പറെപ്പോലെതന്നെ എന്റെ സ്നേഹിതൻ മുളങ്കുന്നത്തുകാവു മെമ്പറും ബില്ലിനെ എതിർത്തഘട്ടത്തിൽ ആരീതിയിൽ പ്രസംഗിച്ചു. അതിനു് ഞാൻചെയ്ത മറുപടിപ്രസംഗത്തിൽ മതിയായ സമാധാനം പറഞ്ഞു് അവരുടെ വാദങ്ങൾ ഖണ്ഡിച്ചിട്ടുണ്ടു്. ഈ ബില്ലുകൊണ്ടു് ഉദ്ദേശിക്കുന്ന ഭേദഗതി നായർ സമുദായഘടനയെ നിസ്സാരമായേ സ്പർശിക്കുന്നുള്ളൂ. മരുമക്കത്തായം മുഴുവൻ ഇതുകൊണ്ടു് പോകുന്നതല്ല. ഇപ്പോഴുള്ള നിയമത്താൽതന്നെ ചില ആളുകൾക്കു് ചില സ്ഥലങ്ങളിൽ ആളോഹരി ഭാഗത്തിനു അവകാശമുണ്ടു്. ഉദാഹരണത്തിനായി ഒരമ്മക്കു് നാലു ആൺമക്കൾ ഉണ്ടെന്നു വിചാർക്കുക; ആ അമ്മ മരിച്ചതിനുശേഷം അവരുടെ സ്വത്തുക്കൾ ആ നാലു ആൺമക്കൾക്കും പ്രത്യേകം പ്രത്യേകം ഭാഗിച്ചെടുക്കുവാനുള്ള അവകാശമുണ്ടു്. അങ്ങിനെ അവകാശമുള്ള ആളുടെ സ്വത്തു ജപ്തിചെയ്യാമോ? ഭാഗം ആവശ്യപ്പെടുന്നതുവരെ പാടില്ല. ജസ്റ്റീസ് വഡ്ഗീസും നാരായണമേനവനുംകൂടിയുണ്ടായ ഒരു ഡിവിഷൻ ബഞ്ചിൽ ഇതിനെപ്പറ്റി തീരുമാനിച്ചിട്ടുണ്ടു്. (19 Cochin 207). അതിൽനിന്നു കുറച്ചുഭാഗം ഞാൻ ഇവിടെ വായിച്ചു കേൾപ്പിക്കാം.

"The lower appellate court says, "It is clear from the evidence that the judgment debtor has not expressed any intention to live separate from the family". The appellant has not attempted to challenge this finding but contends that, where a member of a Marumakkathayam Tarawad is in a position to claim a share, his creditor may bring the undivided share to sale in execution of his decree. This position is supported by the analogy of Hindu Law and it urged that, that analogy, being in consonance with the justice of the case, should be followed. But there is another side to the question. The rule of Hindu Law is only a late development, a sort of rider to the right of partition. However just and expedient, *it is not a necessary ingredient* of the rights. It is essential therefore to see how far this refinement of the law of partition is consistent with the Nayar Regulation. Section 53 of the Regulation shows that except so far as the Regulation has expressly altered the Marumakkathayam law, it remains the

LIBRARY ARCHIVES Kerala Legislative Assembly

same as before. There has been no express alteration of the law in favour of creditors. On the other hand the indication of section 20 is that a Nayar has no disposing power except over his self acquired and separate property until a severance in status has been obtained.....".

നിലവിലുള്ള റഗുലേഷനിലെ 20-ാംവകുപ്പിനെ അവലംബിച്ചാണ് ഈ വിധി പറഞ്ഞിരിക്കുന്നതു്. ഈ വകുപ്പു നമ്മുടെ ഇപ്പോഴത്തെ ബില്ലിൽ 18-ാമത്തെ വകുപ്പാണു്. അതു് ഇവിടെ പാസ്സായിക്കഴിഞ്ഞിരിക്കുന്നു. ഈ രണ്ടുവകുപ്പും ഒരുവിധത്തിലും വ്യത്യാസമുള്ളവയല്ലെന്നു് അവ വായിച്ചാൽ അറിയാം. ഇങ്ങിനെയാണു് നായർ റഗുലേഷനിലെ 20-ാംവകുപ്പു്:— "A Nayar may dispose of by will, in writing the whole of his or herself acquired and separate property and may appoint an executor or executors to administer the will". ഇതുതന്നെയാണു് ബില്ലിലെ 18-ാംവകുപ്പിലും ചേർത്തിട്ടുള്ളതു്. യാതൊരു വ്യത്യാസവും അതിൽ വരുത്തിയിട്ടില്ല. യാതൊരു ഭേദഗതിയും ക്രൂടാതെ അതു് ഇവിടെ പാസ്സായിരിക്കുന്നു. ആദ്യകാലത്തെ ഹിന്ദു ലാ പ്രകാരം ഭാഗത്തിനു ഒരാൾക്കു അർഹതയുണ്ടെന്നു വിചാരിച്ചു അയാളുടെ സ്വന്തം കടക്കാർക്കു് അവർക്കു് ഈടാകേണ്ട മുതൽ ക്രൂട്ടുസ്വത്തിൽനിന്നു വസൂൽചെയ്യാൻ പാടില്ല എന്നായിരുന്നു നിശ്ചയം എന്നതു താഴെ കാണിക്കുന്നതു വിശദമാക്കും:—"It is stated in the text of Narada that it is necessary that a division should be previously made with the concurrence of all the members: Wherefore the disposition to the extent of one's share at discretion is not legal". ഹിന്ദു ലായിലെ മൌലിക തത്വങ്ങൾ നോക്കാതെ, കോർട്ട് വിധികർത്തൃമൂലം ആ നിയമത്തിൽ ചില ന്യായാധിപന്മാർ വരുത്തിക്കൂട്ടിയ ഏടാകൂടമാണു് ഒരു അവിഭക്തന്റെ ഓഹരി ജപ്തിചെയ്യാമെന്നും വില്ക്കാമെന്നും മറ്റുമുള്ള നിയമം. ഹിന്ദു ലായിൽതന്നെ ഒരാൾക്കു് അയാളുടെ ഓഹരി മരണപത്രപ്രകാരം വിനിയോഗിക്കാൻപാടില്ല. പ്രതിഫലമില്ലാതെയുള്ള തീറിനും ഹിന്ദു ലാ പ്രാബല്യം കൊടുക്കുന്നില്ല. ഹിന്ദു ലാ സിദ്ധാന്തങ്ങൾ നായക്കു് സ്വീകരിക്കേണ്ട ആവശ്യമില്ല. ഹിന്ദു ലാ കൊണ്ടു സ്വീകർത്തൃ സ്വത്തിനു അവകാശമില്ല. ഇന്നും, "നഃ സ്ത്രീ സ്വാതന്ത്ര്യ മർഹതി" എന്നാണു് ഹിന്ദു ലാ പറയുന്നതു്. അതുകൊണ്ടു് ഒരു പരിഷ്കൃത സമുദായമായ നായർ സമുദായത്തിനു് ഹിന്ദു ലാ സിദ്ധാന്തങ്ങൾ സ്വീകരിക്കേണ്ട ആവശ്യമില്ല. നായരുടെ നിയമം അവന്റെ സ്വന്തവും ഹിന്ദു ലായുടെ സഹായംക്രൂടാതെ വളർന്നവരുന്നതുമാണു്. ഞങ്ങൾ പല ദിക്കിലും പോയതിൽ, പല സാക്ഷികളോടു ചോദിച്ചതിൽ കടക്കാരനു് ഒരാളുടെ സ്വത്തു ജപ്തിചെയ്യാൻ അവകാശം കൊടുക്കണമെങ്കിൽ, ആ ആൾ ഭാഗത്തിനാവശ്യപ്പെട്ടിരിക്കണമെന്നാണു് പറഞ്ഞിട്ടുള്ളതു്. അതിൽ ഒരു വലിയ തത്വമുണ്ടു്. താൻ വിഭക്തനായോ അവിഭക്തനായോ ഇരിക്കേണ്ടതെന്നു പറയാനുള്ള അവകാശം അതാതു് അംഗത്തിനാണു്, അയാളുടെ കടക്കാരനല്ല. അതി

LIBRARY ARCHIVES Kerala Legislative Assembly

നാൽ ഈ സമയത്തു ഇങ്ങിനെ ഒരു ഭേദഗതിയുടെ ആവശ്യം കാണുന്നില്ല. ഏതെങ്കിലും ഒരു കാലത്തു് ഇതു ആവശ്യമാണെന്നു തോന്നിയാൽ അന്നു് അവതരിപ്പിച്ചുകൊള്ളട്ടെ. ഇന്നത്തെ നിലയിൽ ഇതു പാടില്ല. ഇതിന്നാവശ്യം നേരിട്ടിട്ടില്ല. ഇതു പാസ്സായാൽ സമുദായത്തിനു മൻപോട്ട പോകാൻ ശേഷിയില്ലാതാകും. ചരിത്രത്തിന്റെ ബീജങ്ങളെല്ലാം അടങ്ങീട്ടുള്ള ഒരു ഭേദഗതിയാണു് എന്റെ സ്നേഹിതൻ കൊണ്ടുവന്നിട്ടുള്ളതു്. സമുദായത്തെ നശിപ്പിക്കാനുള്ള സകല കരുക്കളും ഇതിലുണ്ടു്. ഇതു് ഇവിടെ പാസ്സായിക്കഴിഞ്ഞാൽ നായർ സമുദായത്തിനു മരണമടയുവാൻ യാതൊരു താമസവുമില്ല.

എന്റെ സ്നേഹിതൻ ഇരിങ്ങാലക്കുട മെമ്പർ ആവേശത്തോടുകൂടി പറഞ്ഞു നായക്കു കടം കൊടുക്കുന്നവക്കു അവരുടെ മുതൽ കിട്ടാൻ ബുദ്ധിമുട്ടാകുമെന്നു്. പണം കടംചോദിക്കുന്ന അവിഭക്തനായ നായരോടു് ഭാഗത്തിനു നോട്ടീസ്സയക്കാൻ പറഞ്ഞു് അതയപ്പിച്ചിട്ടു് പണം കടംകൊടുത്താൽ മതി എന്നാണു് ഇത്തരം പരിഭ്രമക്കാരോടു് എനിക്കു പറയാനുള്ളതു്. ഹിന്ദു ലാ യിൽ ഭാഗിച്ചവക്കു വീണ്ടും അവിഭക്തരാകാൻ വഴിയുള്ളതു് മലബാർ ലാ യിൽ ഇല്ലെന്ന സമാധാനത്തിനു് ഈ ആവേശക്കാക്കവകാശവുമുണ്ടു്. നായർ ഒരിക്കൽ ഭാഗം ചോദിച്ചാൽ എന്നും വിഭക്തനാണെന്ന ഡെപ്യൂട്ടി പ്രസിഡണ്ടു പറഞ്ഞുവല്ലോ. എന്റെ സ്നേഹിതൻ ഒന്നു ധരിക്കണം. നായക്കു "തറവാടിത്തം" പണ്ടേ ഉള്ളതാണു്. അതാണു് അവന്റെ കുലധനം. അതു ഇന്നും തേയാതേയും മായാതേയും സജീവമായി നിലനിന്നവരുന്നുണ്ടു്. ഏതുനിലയിലായാലും മേടിച്ച പണം തിരിയെ കൊടുക്കണ്ട ബാദ്ധ്യതാബോധം ഇന്നാത്തെ നായക്കുണ്ടു്. ഇതു് ഞങ്ങളുടെ ഒരു വലിയ ഗുണമാണു്. കടക്കാക്കു യാതൊരു പേടിയും വേണ്ട. ഈ വിഷയത്തിന്റെ നാനാമുഖങ്ങളും ആലോചിച്ചാൽ ഈ ഭേദഗതി ആവശ്യമല്ലെന്നു വിശദമാകും. നായർ സമുദായത്തെ നിർദ്ദയം കഠാരംകൊണ്ടു കുത്തിക്കൊല്ലുന്ന ഫലമാണു് ഈ ഭേദഗതികൊണ്ടു വന്നുചേരുന്നതു്. ഒരു സ്നേഹിതൻ ഇന്നലെ ഇവിടെ പ്രസ്താവിക്കുകയുണ്ടായി, ഇത്തരം ഒരു നിയമം തിരുവിതാംകൂറിൽ വന്നതുമൂലം അവിടത്തെ നായർ സമുദായം ദരിദ്രസമുദായമായിത്തീർന്നു എന്നു്. അദ്ദേഹം പറഞ്ഞതമാതിരിയൊന്നും അവിടെ സംഭവിച്ചിട്ടില്ല. അങ്ങിനെ ഒരു നില ഈ ബിൽ അവതരിപ്പിച്ച രീതിയിൽ പാസ്സായാൽ ഇവിടെ വരുകയുമില്ല. ഈ മാതിരി ഭേദഗതി സ്വീകരിക്കരുതെന്നുമാത്രം നാം ഓർക്കണം. ഈ ബില്ലിൽ ഈ ഭേദഗതി വരുത്തിയെങ്കിൽ നായർ സമുദായം യാചക സമുദായമായി പരിണമിച്ചേക്കാം. ആളോഹരി ഭാഗത്താൽ വരുമെന്നു എന്റെ സ്നേഹിതൻ പറയുന്ന ഫലം ഈ ഭേദഗതിയാണു വരുത്തുന്നതു്. അതിനാൽ ഞാൻ ഇതിനെ എതിർക്കുന്നു. ഏതെങ്കിലും സാമുദായികമാ

LIBRARY ARCHIVES Kerala Legislative Assembly

യ് നിയമം പാസ്സാക്കണമെങ്കിൽ ആ സമുദായത്തിന്റെ താല്പര്യം അനുസരിച്ചുവേണം. കടക്കാരുടെ രക്ഷയും മറ്റും ഒരു സാമുദായിക നിയമം ക്രോഡീകരിക്കുന്നതിൽ നോക്കേണ്ട ആവശ്യമില്ല. അതിനൊന്നും അതിൽ സ്ഥാനവുമില്ല. നിലവിലുള്ള നിയമത്തിനു് കാലാനുസൃതമായ ഭേദഗതി വരുത്തുന്നതിൽകവിഞ്ഞു്, ഏതു സമുദായ രക്ഷയെ ഉദ്ദേശിച്ചാണോ നിയമമുണ്ടാക്കുന്നതു് അതു തവിടുപൊടിയാകുന്ന നിയമങ്ങളൊന്നും ബില്ലിൽ കുത്തിക്കയറ്റരുതു്. നായർ സമുദായം നശിക്കാതെ ജീവിക്കട്ടെ.

മിസ്റ്റർ എ. ഈച്ചരമേനോൻ *(Chittur Rural)*.— സർ, സമുദായത്തിലുള്ള മാന്യന്മാരുടെയെല്ലാം ഇഷ്ടപ്രകാരമാണു് ഈ വകുപ്പു ചേർത്തിരിക്കുന്നതു എന്നാണു് വൈറ്റില മെമ്പർ പറഞ്ഞതു്.

മിസ്റ്റർ എ. നാരായണമേനോൻ *(Vyttila)*.— അങ്ങിനെ പറഞ്ഞിട്ടില്ല. ഓരോ വ്യക്തിയും സമുദായത്തിലെ ഓരോ പ്രതിനിധിയാണു്.

മിസ്റ്റർ എ. ഈച്ചരമേനോൻ *(Chittur Rural)*.— ഫ്രീ വയസ്സായാൽ പ്രായപൂർത്തിയായി. ഉടനെ ഭാഗത്തിനു ആവശ്യപ്പെടാനുള്ള അധികാരമുണ്ടു്. ഭാഗം വാങ്ങിച്ചു പ്രയോജനമില്ലാതെ കളയും. കടക്കാർ വരുമ്പോഴേക്കും പണമൊക്കെത്തീരും. ഇങ്ങിനെയാണു് വന്നുകൂടുന്നതു്. അമ്മ മരിച്ചാൽ ആൺമക്കൾ ഒറ്റക്കു ഭാഗംതിരിച്ചു വാങ്ങിച്ചു പോകുകയല്ലേ ചെയ്യുന്നതു്; അങ്ങിനെ വരുമ്പോൾ അതു ആളോഹരി ഭാഗമല്ലേ; നായർ സമുദായം നശിക്കാതിരിക്കാൻവേണ്ടിയാണു് ഒറ്റക്കുള്ള ഭാഗം എന്നാണു് വൈറ്റില മെമ്പർ പറയുന്നതു്. ഇതു ശരിയാണെന്നു് എനിക്കു തോന്നുന്നില്ല.

(The Hon'ble the President assumed the Chair at this stage).

* **Mr. M. V. Cherian** *(Mattancherri South)*.—Now, the Vyttila member was fighting very hard for individual partition whereas the Mulakunnathukavu Member was fighting against individual partition. Individual partition is an advancement of the old Nayar Regulation and the tenor of the House seems to favour individual partition. This amendment proposes the attachment of a share of an undivided marumakkathayee member in the family. All are agreed that there must be individual partition. It is only a question between a creditor and a Nair

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

debtor. If the Nair debtor can make a severance of status from the joint family by a registered notice of 2½ annas why not we make a legislation that that 2½ annas can be avoided. By birth he gets an individual right in the property. By this amendment we want to avoid that notice and all dispute regarding notice. In the commercial world people do not know this law. A Nair gentleman in apparently affluent circumstances starts a trade and approaches the commercial class for loans and advances. The trader advances money and subsequently when the Nair merchant fails in his business the creditor has no resort except to proceed against his personal property. There were very many cases in the courts where the question was agitated whether his share can be attached even when the mother is dead and it has been uniformly found that if he has not asked for a severance of status his tarwad property cannot be attached. As honest cirzens of the Nair community do they want not to pay their creditors? If they do not want to shirk their liability I do not think there is absolutely any harm in making this provision. In all questions of dispute regarding notices it is possible that we can get rid of them. Therefore, the commercial class also will be prepared to have dealings with the Nairs. Whenever a transaction is negotiated with a Nair tarawad all sorts of difficulties crop up, whether it is for tarawad necessity, etc. All these anomalies can be got rid of by this amendment. I do not think any Nair gentleman will feel shy in paying his creditor. I submit this amendment is absolutely necessary so that there shall be equal status and there shall be goodwill between all commercial classes and traders.

Mr. K. Achyutha Menon (*Diwan Peishkar.*)—In the main motion on the Bill yesterday I spoke at length and I have made my position clear. I little thought that I will have to further participate in the discussion. It has become necessary because of a pointed reference made to me by the Hon'ble Member for Mulakunnathukavu. He said that I dealt with his speech in my usual easy-going manner. That was one charge. He further said that I was guilty of the statement that marumakkathayam was dead and that makkathayam has become an established fact. I repudiate these charges and assure my Hon'ble friend that I am deeply pained to find that I have been misunderstood. I even wanted to participate in his tears and would have done so had I not been conscious that he was mourning the death of a centenarian who had outlived his age and that he was perilously like the professional mourners who array themselves on either

LIBRARY ARCHIVES Kerala Legislative Assembly

side of the Muharam procession. I may even be pardoned if I had treated it in an easy going manner in these circumstances. I am afraid the Hon'ble Member for Mulakunnathukavu misunderstood me in another matter also. I did not assert that marumakkathayam was dead and gone and that we had makkathayam in all its aspects. If so, one fails to see the necessity for the bill at all. If we have makkathayam in the way in which we want it, where is the necessity for a bill? I only maintained that although marumakkathayam is to all outward appearances with us it has proved itself effete. Although it exists today it is only the shell of that institution that exists, the kernel having disappeared long ago. That was the position which I maintained yesterday and that is the position which I maintain today. The name of a great man whose death we mourn today was referred to by the Hon'ble Member for Mulakunnathukavu in this connection. I will honour his memory by making a quotation from his classic book, I mean the Cochin State Manual. He observes at page 194 thus:— "English Education and contact with the outside world have in recent years brought a considerable change in the system. Though in theory the system of marriage and inheritance still remains unaltered, in practice the tendency of the people has of late been to rise above the law". I take shelter under the observation that the practice has been to rise above the law and when that was the practice even when the State Manual was written it is time for the law to step in and legalise that practice. That has been the attempt of the bill, to adopt the law to the practice which has come into vogue and not to allow the practice to go far beyond. It will not be correct for the law to lag behind the practice for a considerable length of time. To adapt the law to the practice and not allow the practice to go far beyond, that has been our attempt. Speaking on the amendment I fail with due deference to see how we can drag in the main question again. The groundwork of this amendment is an acceptance of the inevitable. The amendment seeks to take it as an established fact that individual rights of partition have been granted. The amendment seeks to make the share of a man who has not even claimed individual partition both heritable and attachable. It goes against the very principle of this bill; for this reason that we never wanted to thrust this partition upon a person who does not want it. We were for attacking the principle of impartibility and for giving the right to partition to whoever wants it. A right in property means a right to deal with the property as one likes. Rights out of property are different from rights in property. Marumakkathayam members in old days had only

LIBRARY ARCHIVES Kerala Legislative Assembly

rights out of property. It is no longer so. It took a long time for the courts to hold that Marumakkathayam members had something more. If a man wants to live with his Maru-Makkathayam heirs and does not want to claim his share we do hot compel him to claim his share. If the demand is not made, the property goes to his co-sharers. If he has made that demand it goes to his wife and children and other heirs in certain proportions. That is the main provision of this bill. The amendment says that even if the person has not made a demand, his share is heritable and attachable. This interferes with the liberty of a person to deal with his share as he likes. I object to this amendment for this reason. Mr. Raman Menon is for maintaining the Marumakkathayam system. Then what is Mr. Raman Menon's object in bringing this amendment? By accepting this amendment, it follows that a man, even if he does not want individual partition, is forced to be treated as a man who has claimed individual partition. Should we adopt it and if so for whose good? Will it not interfere with the avowed liberty of that member either to claim or not to claim it? I do not of course say that the Nair community will go to pieces if this amendment is accepted. The consequence of that amendment will be to give a right to the wife of a junior member to share even in the undivided share. If I oppose it it is because I feel that it is against the underlying spirit of the legislation. Another thing that will follow if the amendment is accepted is that the wife and children will be entitled to maintenance even during the life time of the father from the undivided share. These may be things which are advantageous from one point of view. But I oppose it on the ground of the principle involved namely, that a man cannot be compelled to part from his co-owners. Coercive legislation of this kind has not been attempted elsewhere. I do not find myself in a position to support this amendment for all these reasons.

* മിസ്റ്റർ ടി. കെ. നായർ (*Pazhayannur*).— ഈ ഭേദഗതിയെ സംബന്ധിച്ചു നായന്മാരല്ലാത്ത സമുദായങ്ങളിൽനിന്നു വലുതായിട്ടുള്ള എതിർപ്പു വന്നതുകൊണ്ടാണ് നായന്മാരിൽ അധികംപേരും ഇതിനെപ്പറ്റി അഭിപ്രായം പറയുവാനിടയായിട്ടുള്ളതു്. ആദ്യമായി എനിക്കു നായന്മാരല്ലാത്ത ഇതരസമുദായക്കാരോടാണ് പറയുവാനുള്ളതു്. ഈ ബില്ലുകൊണ്ടു ഇതരസമുദായക്കാക്കുള്ളതായ യാതൊരവകാശങ്ങളും കളഞ്ഞിട്ടില്ല. ഇപ്പോൾ നിലവിൽ നില്ക്കുന്ന നിയമംകൊണ്ടുതന്നെ അവിഭക്ത മരുമക്കത്തായ തറവാട്ടിലുള്ള ഒരംഗത്തിന്റെ സ്വത്തിനെ അറിയിച്ചു

* Speech not corrected by the Hon'ble Member.

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യുവാൻ പാടില്ല. പുതുതായികൊണ്ടുവന്നിട്ടുള്ള ഈ ബില്ലിലും ഇന്നേ വരെ മരുമക്കത്തായ തറവാട്ടിലെ അനന്തിരവന്മാർ കടംവാങ്ങിച്ചിട്ടുള്ളതു മുഴുവൻ കൊടുക്കാതെ കടക്കാരെ തോല്പിക്കുവാൻവേണ്ടിയുള്ള യാതൊരു വകുപ്പും ചേർത്തിട്ടില്ല. ഇതിൽ മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേക്കു ഒഴുകിക്കൊണ്ടിരിയ്ക്കുന്ന രണ്ടുമൂന്നു സ്റ്റേജാണുള്ളതെന്നു ആദ്യമേതന്നെ എന്റെ മാന്യസ്നേഹിതന്മാർ മനസ്സിലാക്കണം. മരുമക്കത്തായികളിൽ വലിയ ഭാഗവും കടം ചോദിയ്ക്കുവാനവകാശമില്ലാതെ ചിലവിനുമാത്രം കിട്ടുവാനുള്ള അവകാശം വച്ചുകൊണ്ടിരുന്ന സമുദായക്കാരായിരുന്നു. കുറച്ചുകാലം കഴിഞ്ഞപ്പോൾ അതു പോരാ എന്നു തീർച്ചയാക്കി. അന്നു സന്താനങ്ങളെ ഉണ്ടാക്കിവിട്ടുവാൻ മാത്രമല്ലാതെ ഒരുത്തന്റെ ഭാര്യാമക്കൾക്കു യാതൊരവകാശവുമുണ്ടായിരുന്നില്ല. അവരെ പരിപാലിയ്ക്കുവാനുള്ള യാതൊരു ചുമതലയും അവക്കില്ലായിരുന്നു. അതിൽനിന്നു തെറ്റീട്ടു ഭാര്യാമക്കൾക്കു എന്തെങ്കിലും ഒരു അവകാശം വേണമെന്നു തീർച്ചയാക്കി ഒരു അമെൻറുമെൻറു കൊണ്ടുവരുകയും അച്ഛന്റെ സ്വകാര്യസ്വത്തിൽ പകുതിയ്ക്ക് അവകാശം കൊടുക്കുകയും ചെയ്തു. തറവാട്ടു സ്വത്തിനെമാത്രം തൊട്ടില്ല. ഈ തരത്തിൽ മരുമക്കത്തായത്തെ കഴിയുന്നിടത്തോളം നിലനിറുത്തിക്കൊണ്ടാണു പോന്നിട്ടുള്ളതു്. ഇതിനുംപുറമെ പിരിയാതെ കൂട്ടായി നിൽക്കുന്ന മരുമക്കത്തായ തറവാട്ടിലെ ഒരു കാരണവനെ ദുർഭരണത്തിൽനിന്നും വേർപെടുത്തണമെന്നു തോന്നുന്ന അവകാശികൾക്കു താഴ്ച്ചയായിട്ടു പിരിഞ്ഞുപോകാം എന്നു നിശ്ചയിച്ചു. അമ്മ ഇരിയ്ക്കുമ്പോൾ മക്കൾക്കു ഭാഗം ചോദിയ്ക്കുവാൻ പാടില്ല എന്നുണ്ടു്. എങ്കിലും അമ്മയിരിയ്ക്കുമ്പോൾതന്നെ അസംഖ്യം താഴ്ച്ചകൾ പിരിഞ്ഞിട്ടുമുണ്ടു്. പക്ഷെ അമ്മയുടെ അനുവാദം വേണമെന്നേയുള്ളൂ. ഇന്നും അമ്മയും മക്കളും കൂടിയിരിയ്ക്കുന്ന ഏതു താഴ്ച്ചയിലും ആദ്യത്തെ മരുമക്കത്തായ തറവാട്ടിൽ ഉണ്ടായിരുന്ന അനർത്ഥങ്ങളെല്ലാമുണ്ടു്. അതുകൊണ്ടു ഒരാൾക്കു അമ്മ ഇരുന്നാലും ഇല്ലെങ്കിലും ഭാഗം മേടിയ്ക്കുണമെന്നുണ്ടെങ്കിൽ അമ്മ ഇരിയ്ക്കുന്ന എന്നുള്ള ന്യായം തടസ്ഥമാകുവാൻ പാടില്ല. ഭാഗിച്ചുപോകണമെന്നുള്ളവർക്കു ഈ മരുമക്കത്തായ താഴ്ച്ചയിയിൽനിന്നു ഒഴിഞ്ഞുപോകുവാൻ ഉള്ള അവകാശം മാത്രമേ ഈ ബില്ലിൽ ചെലുത്തീട്ടുള്ളൂ. ഭാര്യാമക്കൾക്കു അച്ഛന്റെ സ്വകാര്യസ്വത്തിൽ "പകുതി"യെന്നാണു വച്ചിരിക്കുന്നതു്; ആ "പകുതി" എന്നതു ഇതിൽ "മുഴുവൻ" എന്നു വച്ചിട്ടുണ്ടു്. ഞാൻ ധരിച്ചിട്ടുള്ളിടത്തോളം ഗൌരവമായിട്ടുള്ള ഈ രണ്ടു ബാല്യതകർമമാത്രമേ ഈ ബില്ലിൽഉള്ളൂ. ഈ ബില്ലുകൊണ്ടു മരുമക്കത്തായതറവാട്ടുകളെ മുഴുവൻ പൊളിയ്ക്കുവാൻ ശ്രമിച്ചിട്ടില്ല. മരുമക്കത്തായം മുഴുവൻ പോയി ശരിയ്ക്കു മക്കത്തായമായി മാറിയാൽ കൊള്ളാമെന്നാണു് എന്റെ ഉദ്ദേശം.

ഇതു ഒരു സമുദായത്തെമാത്രം ബാധിയ്ക്കുന്ന ഒരു ബില്ലാണു്. ഇതരസമുദായക്കാരെ തോല്പിയ്ക്കുവാനുള്ള യാതൊരു വകുപ്പുകളും ഇ

LIBRARY ARCHIVES Kerala Legislative Assembly

തിലില്ല. നായന്മാക്ക് നിങ്ങൾ കടം കൊടുത്തിട്ടുണ്ടെങ്കിൽ നിങ്ങളെ തോല്പിയ്ക്കുവാനുള്ള വകുപ്പു ഇതിൽ വച്ചിട്ടുണ്ടെന്നു വിചാരിയ്ക്കരുതു്. ഞങ്ങൾ നന്നാകുവാൻവേണ്ടി ഒരു ബിൽ ഞങ്ങളുണ്ടാക്കുന്നു. ഞങ്ങളുടെ സമുദായത്തിനാവശ്യമായ ബില്ലു കൊണ്ടുവരുന്നതിനനുസരിച്ചു നിങ്ങൾ ഞങ്ങൾക്കു കടം തന്നാൽ മതി.

ഈ ഭേദഗതിയിൽ വല്ലാത്ത ഒരു മുഖം കാണുന്നുണ്ടു്. കടം മേടിച്ചാൽ ഒരാളുടെ സ്വത്തുക്കളെ അറാച്ചുചെയ്യുവാൻ പാടില്ല എന്നു വരുമ്പോൾ കടമുണ്ടാകുവാനേ ന്യായമില്ല.

മിസ്റ്റർ എം. വി. ചെറിയാൻ *(Mattancheri South)*.— കടം മേടിയ്ക്കാതിരുന്നാൽ.

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— കൊടുക്കാതിരുന്നാൽ എനിയ്ക്കു ഒരു പൈയ്ക്കു് സ്വത്തില്ല. എനിയ്ക്കു മിസ്റ്റർ ചെറിയാൻ കടംതന്നാൽ ചെറിയാന്റെ മുതൽ പോയില്ലേ? ഞങ്ങളുടെ വാസ്തവം, മരുമക്കത്തായ തറവാട്ടിലെ ഒരു അംഗത്തിനു കടം കൊടുത്താൽ മുതൽ പോയി എന്നുള്ളതാണു്. ഇതു പുരാതനമായിട്ടേ ഉള്ള ഒരു വാസ്തവമാണു്.

മിസ്റ്റർ എ. വി. മൂത്തേടൻ *(Chalakkudi)*.— അങ്ങിനെ വാസ്തവം പറയണം.

മിസ്റ്റർ എം. വി. ചെറിയാൻ *(Mattancheri South)*.— ആ വാസ്തവം ഒന്നു മാറരുതോ?

മിസ്റ്റർ ടി. കെ. നായർ *(Pazhayannur)*.— ഞങ്ങളുടെ സമുദായം നേരാകുവാനുള്ള കായ്ക്കുംവേണ്ടി മരുമക്കത്തായവും, മക്കത്തായവുംകൂടി യോജിപ്പിച്ചു നോക്കുന്നു. അതു തനി മക്കത്തായമാകുന്നതുവരെ നിങ്ങൾ ക്ഷമിക്കണം. ഞങ്ങളുടെ സമുദായത്തിനു ഗുണമായിട്ടു തോന്നുന്നു ഒരു ബില്ലു പാസ്സാക്കുന്നു കായ്ത്തിൽ ഇതര സമുദായക്കാർ അനുകൂലത്തോടുകൂടി നോക്കുന്നതിനു പകരം ചിലർ അതിനെ എതിർക്കുകയാണു ചെയ്യുന്നതു്. അതുകൊണ്ടു ഞാൻ നിങ്ങളോടു വീണ്ടും വീണ്ടും അപേക്ഷിയ്ക്കുന്നു. നിങ്ങൾ വിചാരിയ്ക്കുന്ന തരത്തിലുള്ള യാതൊരു ഭയങ്കരതയും ഇതിലില്ല. ഞങ്ങളുടെ വലുതായ ആദർശത്തിൽ എത്തുവാനുള്ള ഒരു പടിയിൽ ഇറങ്ങുന്നുവെന്നേയുള്ളൂ. മക്കത്തായത്തെ നടപ്പാക്കുവാനും മരുമക്കത്തായത്തെ നശിപ്പിയ്ക്കുവാനുമുള്ള തരത്തിൽ ചില ഭേദഗതികൾ വരുത്തുക മാത്രമേ ഇതിൽ ചെയ്തിട്ടുള്ളൂ. പുതുതായ യാതൊരു വകുപ്പുകളും ഇതിലില്ല.

ഞാൻ പറയുന്നതു് ഇന്നോവരെ നിയമസഭയിൽ നടന്നുവന്ന ചട്ടങ്ങൾ നോക്കുകയാണെങ്കിൽ സാമുദായികമായിട്ടുള്ള ഒരു ബിൽ അവതരിപ്പിച്ചാൽ അതു ഒരു സിലക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്കു

LIBRARY ARCHIVES Kerala Legislative Assembly

ശേഷം വാദപ്രതിവാദം വലുതായിട്ടൊന്നും ക്രടാതെ നിയമസഭ പാസ്സാക്കുകയാണു ചെയ്യാറുള്ളതു്. നമ്പൂതിരി ബില്ലിനെ സംബന്ധിച്ചിടത്തോളം ഞാൻതന്നെ ചില ഭേദഗതികൾ കൊണ്ടുവന്നപ്പോൾ അതിന്റെ അവതാരകൻ പറഞ്ഞു: അതു ചെയ്യരുതേ എന്നു്. അതുകേട്ടു ഞാൻ ആ ഭേദഗതികൾ അവതരിപ്പിയ്ക്കുകയുണ്ടായില്ല. അതുപോലെതന്നെ മിസ്റ്റർ അയ്യപ്പൻ തീയ്യ ബിൽ കൊണ്ടുവന്നപ്പോൾ, അയ്യോ പറയ്ക്കരുതേ എന്നു പറയുകയുണ്ടായി. അതു കേട്ടപ്പോൾ എന്നാൽ വേണ്ട എന്നു പറഞ്ഞു ഞാൻ അവതരിപ്പിച്ചില്ല. ആ മാതിരി ഞാനും നിങ്ങളോടപേക്ഷിയ്ക്കുന്നു; ഇതര സമുദായക്കാർ ഞങ്ങളെ പറയ്ക്കരുതേ എന്നു്. അതുകൊണ്ടു നായർ റഗുലേഷന്റെ കാര്യത്തിൽ ഇതര സമുദായക്കാർ കുറച്ചൊരു ആനുകൂല്യം കാണിച്ചാൽ കൊള്ളാമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

Mr. President.—We have given liberty to the members of the Government also to speak in their individual capacity. Every member of this House can express his own individual opinion and I am a nominated member of this Council. I would like to make one or two observations just for the consideration of the Hon'ble Members of this House. If there is one clause in this bill in which a non-Nair member of this House can take part without any compunction it is this particular clause.

What is the measure before us? The members of the Nair community want the help of the legislature to change their laws of inheritance in a fundamental manner. When the members of one community want the help of a legislature composed of various communities to effect this big change, the legislature has, whether it be composed of Nair members or not, to see whether the claim of Nair members will not involve them in creating certain consequential changes when it affects the relation between the Nair community and the rest. This particular amendment of Mr. Raman Menon raises the question of the rights of the Nair community on the one hand and the other communities on the other. If this bill is passed into law and is placed on the statute book so far as I have been able to understand the complicated provisions of the Marumakkathayam law the effect of this Bill will be this: that it is practically Makkathayam law with this difference that in a Makkathayam family when a member dies without claiming partition in his life-time his property will go to his sons whereas in Marumakkathayam the property will go in a different manner. Except for this difference there is practically no difference between the Makkathayam family and Marumakkathayam family. As a matter of fact, in the case of a member of a Makkathayam family who dies

LIBRARY ARCHIVES Kerala Legislative Assembly

without leaving any male issue, under the Mithakshara law, when a member of the joint Hindu family dies not having claimed partition in his life time and without leaving any sons, his undivided share goes to his brothers and other members of the family, the only difference being that so far as the lenial descendants of brothers are concerned there is a slight difference. In fundamentals you assimilate this law into Makkathayam. When you assimilate this system in fundamentals it is only natural that all the incidence of that law with regard to your relationship with the outside community should also be added in this measure. Mr. Achyuta Menon tries to make a difference. He said that we are not forcing a Nair member of a joint family or tarawad to claim partition. We are only giving him a liberty. I am sorry I do not see the point at all. Even in Mithakshara the law does not compel a member to claim partition. But because under the Mithakshara law a joint male member has got the right of claiming partition they are not devoid of the consequential measure. In spite of the fact that even under the Mithakshara law of inheritance a male member of a joint Hindu family has only got the option of claiming partition the incidents as contemplated by Mr. Raman Menon's amendment are seen there. Therefore, simply on that ground, I don't think that this amendment can be ruled out.

The whole point is this: The tendency of the modern world, especially in India, is in the direction of individualism with regard to property. Rightly the Nair community wants to fall in line, and it is seeking the help of the legislature for that. It is also a tendency in all modern legislation to remove as far as possible obstacles in the way of transfering property and movement of property. If you observe the tendency of legislation all over Europe and in India you will find that at every step attempts have been made to remove the shackles that stand in the way of free movement of property, especially the movement of property with regard to the satisfaction of the claims of creditors. That is a step recognised as a necessity under the modern economic conditions. Here is a member of the Hindu Marumakkathayam family entering the commercial world. Whatever might be said about the shrewdness of creditors, when a man comes and wants to establish business relations with other people he does not start an elaborate enquiry as to what is the particular kind of family to which he belongs, what are the laws of inheritance, etc. Everyone is taken on his own face value and the commercial transactions are started.

Mr. A. Sankara Menon *(Trippunittura)*.—Not so here.

LIBRARY ARCHIVES Kerala Legislative Assembly

Mr. President.—That is generally the case in India. That being the case, the absence of a provision of this kind would simply mean that it is an obstacle to the commercial progress of a member of the joint Marumakkathayam tarawad. If the business of this member of a Marumakkathayam tarawad fails the creditor will find ultimately that he has been cheated. The only point that I wanted to make is that the point made by Mr. Achyuta Menon may apparently appear to be a very logical point, because you do not compel a Marumakkathayam Nair to go about asking for partition. Therefore this does not follow because there is the same provision in Mithakshara. I think it is matter which affects not merely the members belonging to the Nair community in this House. But it will affect the other communities also and therefore the members belonging to the other communities also must give their serious consideration to this.

Rao Sahib I. N. Menon *(Director of Public Instruction).*—Sir, most of the discussion seems to assume that the Nairs as a class are borrowers and the other communities are creditors. This particular clause affects the claims of the members of the community itself.

